Draft #2 of File 3220/AC A7/1/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 23-Oct-2019 04:36 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിഷയം: അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ-യു.ജി.സി. നിബന്ധന പ്രകാരമുള്ള യോഗ്യതയില്ലാത്ത അദ്ധ്യാപകരെ കോളേജുകളിൽ നിയമിക്കുന്നു എന്ന പരാതികൾ സംബന്ധിച്ച്.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 5133/AC A 7/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.10.2019

---

പരാമർശം:-1. അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ചുള്ള പരാതികൾ.

2.സർവ്വകലാശാല ഉത്തരവ് നം.7937/1/18/ എസി.എ 7 തീയതി 03.11.2018.

3 .05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.40/19.08/3220/AcA7/1/2019.

**ഉത്തരവ്**

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ യു.ജി.സി.നിബന്ധന പ്രകാരമുള്ള യോഗ്യതയില്ലാത്ത അദ്ധ്യാപകരെയാണ് നിയമിച്ചിരിക്കുന്നതെന്നും, യു.ജി.സി., എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. തുടങ്ങിയ കാര്യ നിർവ്വഹണ സമിതികളുടെ നിർദ്ദേശങ്ങളനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളില്ലാതെയാണ് ഇത്തരം കോളേജുകൾക്ക് അഫിലിയേഷൻ നൽകിയതെന്നും കാണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ ലഭിച്ച പരാതികൾ, സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുകയും ടി പരാതികൾ പരിഗണിച്ച സിൻഡിക്കേറ്റ്, ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് അംഗം ഡോ: എം.എസ്. മുരളിയെ അന്വേഷണ കമ്മീഷനായി നിയമിക്കുകയും ടി അന്വേഷണക്കമ്മീഷൻ പരിശോധന നടത്തി പരാമർശ വിഷയത്തിൽ സർവ്വകലാശാല നിയമനംഗീകാരം നൽകേണ്ടതില്ലാത്തതിനാൽ യു.ജി.സി യോഗ്യത പരിശോധിക്കാനുള്ള അവകാശം നിയമനാധികാരികളിൽ തന്നെ നിക്ഷിപ്തമാണെന്നു കണ്ടെത്തുകയും ചെയ്തു.

05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം അൺ എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ യു.ജി.സി. നിബന്ധന പ്രകാരമുള്ള യോഗ്യതയില്ലാത്ത അദ്ധ്യാപകരെ കോളേജുകളിൽ നിയമിച്ചിരിക്കുന്നു എന്ന പരാതി 2020-21 വർഷത്തെ അഫിലിയേഷൻ പുതുക്കലുമായി ബന്ധപ്പെട്ട കമ്മീഷൻ കോളേജ് സന്ദർശിക്കുമ്പോൾ അദ്ധ്യാപകരുടെയും പ്രിൻസിപ്പാലിന്റെയും യോഗ്യത സംബന്ധിച്ച കാര്യങ്ങൾ പരിപൂർണമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതിന് തീരുമാനമെടുത്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . വി.സി./ പി.വി.സിയുടെ പി.എസ് -മാർ

2. രജിസ്ട്രാർ / സി ഇ / എഫ് ഒ യുടെ പി.എ.മാർ

3 ജെ.ആർ.II (ഭരണ വിഭാഗം)

4 ഡി.ആർ.I (അക്കാദമിക്)

5 എ.ആർ. I (അക്കാദമിക്)

6 . എ.സി.സി.1 ,2

7 . കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ / ഐ.ക്യൂ.എ.സി.

8 .റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 3220/AC A7/1/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 23-Oct-2019 04:36 PM - Page 2